**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** **24-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. യു. എ. ലത്തീഫ്</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;</td><td>(എ)</td><td>മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ വിശദ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സേഫ് പദ്ധതി മഞ്ചേരി നിയോജക മണ്ഡലത്തിൽ ചുവടെ പറയും പ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ട് .<br><br>
<table>
<tr><td>ഉന്നതി</td><td>പ്രവൃത്തിയുടെ വിവരം</td><td>വർഷം</td><td>ഗുണഭോക്താക്കളുടെ എണ്ണം</td></tr>
<tr><td>മഞ്ചേരി</td><td rowspan="2">ഭവന പുനരുദ്ധാരണം</td><td>2022-23</td><td>7</td></tr>
<tr><td></td><td>2023-24</td><td>1</td></tr>
<tr><td></td><td rowspan="2">വിവാഹ ധന സഹായം</td><td>2020-21</td><td>1</td></tr>
<tr><td></td><td>2022-23</td><td>1</td></tr>
<tr><td></td><td>ജനനിജന്മ രക്ഷ</td><td>2024-25</td><td>3</td></tr>
</table></td></tr>
<tr><td>(ബി)</td><td>2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;</td><td>(ബി)</td><td>മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം മഞ്ചേരി നിയോജക മണ്ഡലത്തിൽ ഉന്നതികളെ തെരഞ്ഞെടുത്തിട്ടില്ല.</td></tr>
<tr><td>(സി)</td><td>കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവൃത്തി പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന്</td><td>(സി)</td><td>കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ തച്ചിങ്ങനാടം ഗവ. പ്രീമെട്രിക് ഹോസ്റ്റലിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി മലപ്പുറം പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചു കൊണ്ട് 3,50,00,000/- (മൂന്ന് കോടി അൻപത് ലക്ഷം രൂപാ മാത്രം) രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട് .</td></tr>
</table>

| | | | |
|---|---|---|---|
| | വിശദമാക്കാമോ; പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | | മേൽ പ്രവൃത്തിക്ക് നിലവിൽ സാങ്കേതികാനുമതി ലഭ്യമാവുകയും പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയർ നോർത്ത് സർക്കിൾ കാര്യാലയത്തിൽ പുരോഗമിച്ച് വരികയാണെന്നും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം അറിയിച്ചിട്ടുണ്ട് . |
| (ഡി) | ഈ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

| ക്രമ നം. | വർഷം | പ്രവൃത്തി | അടങ്കൽ തുക | റിമാർക്സ് |
|---|---|---|---|---|
| 1. | 2021–22 | കോവിലകംകുണ്ട് പട്ടികജാതി നഗർ പാത്ത് വേ. | 796000 | പൂർത്തീകരിച്ചു |
| 2. | 2022–23 | മാനീരിപ്പറമ്പ് പട്ടികജാതി നഗർ റോഡ് നിർമ്മാണം, ഭവന സുരക്ഷ | 2101000 | 3 കുടുംബങ്ങൾ സ്ഥലം വിട്ട് നൽകാത്തത് മൂലം തർക്കത്തിലിരിക്കുന്ന റോഡ് പ്രവൃത്തി ഒഴിവാക്കി ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . |
| 3. | 2023–24 | തെച്ചിക്കുന്ന് നഗർ റോഡ് നിർമ്മാണം, ഭവന സുരക്ഷ. | 931000 | പൂർത്തീകരിച്ചു |
| 4. | | കാളിയാർതൊടി സംരക്ഷണ ഭിത്തി | 495000 | പൂർത്തീകരിച്ചു |
| 5. | | മുതുകുളം സംരക്ഷണ ഭിത്തി | 1600000 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6. | | ഉത്തലക്കൽ പൈപ്പ് ലൈൻ | 410000 | പൂർത്തീകരിച്ചു |
| 7. | | പുളിക്കൽകണ്ടി പട്ടികജാതി നഗർ തോട് സംരക്ഷണ ഭിത്തി നിർമ്മാണം | 990000 | പ്രവൃത്തി പുരോഗമിക്കുന്നു |
| 8. | 2024–25 | കോവിലകംകുണ്ട് പട്ടികജാതിനഗർ എടേക്കാട്റോഡ് നിർമ്മാണം | 1120000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല . |
| 9. | | കണിക്കുന്ന് പട്ടികജാതി നഗർ സംരക്ഷണ ഭിത്തി നിർമ്മാണം | 2170000 | പ്രവൃത്തി പുരോഗമിക്കുന്നു |
| 10 | | കോവിലകം കുണ്ട് റിഗ് റോഡ് ഇംപ്രൂവ്മെന്റ് . | 500000 | പൂർത്തീകരിച്ചു |
| 11 | | കോവിലകംകുണ്ട് പുളിക്ക കണ്ടി പട്ടികജാതി നഗര സംരക്ഷണ ഭിത്തി നിർമ്മാണം. | 1600000 | പ്രവൃത്തി പുരോഗമിക്കുന്നു |

# <u>അനുബന്ധം – II</u>

| ക്രമ നം. | വർഷം | പ്രവൃത്തി | ഏജൻസി | അടങ്കൽ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2021–22 | പാക്കരത്ത് പട്ടികജാതി നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 8440717 | പൂർത്തീകരിച്ചു |
| 2. | | ആനക്കോട് പട്ടികജാതി നഗർ | | 9885123 | 15% പൂർത്തീകരിച്ചു. |
| 3. | 2025–26 | അടങ്ങുംപുറം പട്ടികജാതി നഗർ | KEL | | ഏജൻസി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. |